# കുഴിവെട്ടിമൂടിയ കുഞ്ഞു വിലാപങ്ങൾ

നസ്റുല്ല വാഴക്കാട്

**ഒരു** യുദ്ധം തെഴുക്കുന്നു വീണ്ടും
തീക്കാറ്റ് വീശുന്നു വീണ്ടും
വട്ടമേശകളുടയുന്നു മുന്നിൽ
കൂട്ട നിലവിളി സൈറൺ മുഴങ്ങുന്ന ഫലസ്ത്വീനിൽ
ആരും പുറത്തേക്കിറങ്ങാത്ത പകലിൽ
രാവിന്നു മുമ്പേ യുദ്ധം തുടങ്ങും.
ആകാശഭൂമിയും പട്ടിണി പാവങ്ങളും
ആ മഹായുദ്ധത്തിൽ എരിഞ്ഞൊടുങ്ങും.
മണ്ണിര ചത്തു പൊന്തുന്ന കാർപെറ്റ് ബോംബുകൾ വേണം
ഇളം ചോരയാവിയാക്കി പരത്തുന്നണുവായുധം വേണം
ചിറകനക്കാ പറവകൾ വന്നു മുട്ടയിടുന്നതു കാണാം
കണ്ണടഞ്ഞാനക്കൂട്ടം നടത്തുന്ന കൂത്താട്ടവും കാണാം...
ഭീതിതൻ ഭൂതങ്ങൾ നെഞ്ചിൻ കൂടുതകർക്കുമ്പോൾ
ജീവനിൽ മരം പോലെ മരവിക്കും
ഇന്ദ്രിയ കോലങ്ങൾ.
ഇന്നെന്റെ ഹൃദയമേടയിലൊരു
പ്രാവു പോലും കുറുകിയില്ല.
വേദന കിനിയുമീ തന്ത്രികൾ മീട്ടി
ഗസ്സയിനിയും പാട്ടു പാടും.
ഒന്നും മേഞ്ഞു തിന്നാത്തിരുമ്പു മൃഗങ്ങൾ
മണ്ണിൽ ചവിട്ടിത്താഴ്ത്തുന്നൊരു
ശവക്കൂനയാകെ...
കുഴിവെട്ടി മൂടിയൊരു കൂട്ടു
കുഞ്ഞു വിലാപങ്ങൾ
ഷെല്ലിൻ വിഷച്ചില്ലു പൊറുക്കാൻ പൊയ്ക്കാലുമായ്
വരും നാളെ.
ഇരുട്ടൊഴിയാദിക്കുകളിലാ ചെന്നായ്ക്കളധികാരമാളും
യുദ്ധചെകുത്താൻ ചോരകനാലു തീർക്കും തെരുവിൽ
ഒലീവിന്റെ ചില്ലയിൽ നക്ഷത്രം പൂക്കുന്ന രാവിൽ
ചോരയുടുപ്പിട്ട നാട്ടിൽ ബാക്കിയാവില്ലൊരു
കിളികൊഞ്ചൽ പോലും. ■

